# മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന

MAHATMA GANDHI PRAVASI SURAKSHA YOJANA

## നിർദ്ദേശ പത്രം

ഇൻഡ്യാ ഗവണ്മെന്റ് പ്രവാസി ഭാരതീയ കാര്യ മന്ത്രാലയം (MOIA) നീങ്ങൾക്കായി പ്രത്യേകം രൂപീകരിച്ച സാമൂഹ്യ സുരക്ഷാ പദ്ധതിയായ **മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന** (MGPSY), യിലേക്ക് സ്വാഗതം.
(MGPSY) താഴെ പറയുന്ന ആനുകൂല്യങ്ങൾ നല്കുന്ന എന്ന് അറിയാമല്ലോ.

- ✓ **വാർദ്ധക്യ പെൻഷൻ**
- ✓ **തിരിച്ചു വരവിനും പുനരധിവാസത്തിനും ഉള്ള സഹായം (R&R)**
- ✓ **സ്വാഭാവിക മരണം സംഭവിച്ചാൽ ജനശ്രീ ബീമാ യോജന (JBY) പ്രകാരം ലൈഫ് ഇൻഷൂറൻസ് സംരക്ഷണം.**

MGPSY യ്ക്ക് കീഴിൽ ഉള്ള എല്ലാ ഉപ പദ്ധതികളിലും (R&R പദ്ധതി, MGPSY-JBY & NPS Lite) ശരിയായി രജിസ്റ്റർ ചെയ്തു അംഗമായാൽ മാത്രമേ നിങ്ങളുടെ MGPSY അംഗത്വം അംഗീകരിക്കപ്പെടുകയുള്ളു എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ബാങ്ക് അക്കൗണ്ടിൽ ആവശ്യത്തിന് പണം ഇല്ലാതെ വന്നാൽ നിങ്ങൾക്ക് ഈ പദ്ധതിയിൽ അംഗമാകുവാൻ കഴിയില്ല.

MGPSY യിൽ രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കിയാൽ നിങ്ങൾക്ക് താഴെ പറയുന്ന വ്യക്തിഗത രേഖകൾ/കാർഡ് നിങ്ങളുടെ ഇൻഡ്യയിലെ മേൽ വിലാസത്തിലേക്ക് അയച്ചു തരും.

1. **NPS Lite ൽ രജിസ്റ്റർ ചെയ്താൽ PFRDA നല്കുന്ന പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നംബർ കാർഡ്**
2. **UTI നൽകുന്ന തിരിച്ചു വരവിനും പുനരധിവാസത്തിനുമുള്ള ആദ്യ നിക്ഷേപ ഫോളിയോ സ്റ്റേറ്റ്മെന്റ്.**
3. **LIC ഇൻഷൂറൻസ് പരിരക്ഷക്കു വേണ്ടിയുള്ള MGPSY-JBY അംഗത്വ സർട്ടിഫിക്കറ്റ്.**

ഏതൊരു സാമൂഹ്യ സുരക്ഷാ പദ്ധതിയെയും പോലെ MGPSY യിലും നിങ്ങൾ മുടങ്ങാതെ വിഹിതം അടക്കുകയും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുകയാണെങ്കിൽ ദീർഘകാല അടിസ്ഥാനത്തിൽ ലാഭം നേടാനാവും എന്നു പ്രതീക്ഷിക്കുന്നു.

**നിങ്ങളുടെ വിഹിതം:** വരിക്കാർ എന്ന നിലയിൽ പെൻഷൻ R & R സമ്പാദ്യങ്ങളിൽ ഗവണ്മെന്റ് വിഹിതത്തിന് അർഹരാകുവാൻ നിങ്ങളുടെ ആദ്യ വിഹിതം അടച്ചിരിക്കണം. NPS Lite, R & R പദ്ധതികളിൽ നിങ്ങളുടെ വിഹിതം മുടങ്ങാതെ അടക്കുന്നു എന്ന് ഉറപ്പു വരുത്തുക.

- തടസ്സമില്ലാത്ത സേവനം ലഭ്യമാകാൻ നിങ്ങൾ SI/ECS നിർദ്ദേശം നല്കിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ എപ്പോഴും ആവശ്യത്തിനു പണം ഉണ്ടെന്നു ഉറപ്പ് വരുത്തുക അക്കൗണ്ടിൽ മതിയായ തുക ഇല്ലാതെ വന്നാൽ പദ്ധതിയിൽ നിങ്ങളുടെ അടവു മുടങ്ങുകയും അതു മൂലം MOIA സഹ വിതം നഷ്ടപ്പെടുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്.
- മതിയായ തുക ഇല്ലാത്തതിനാൽ അടവു മുടങ്ങിയാൽ ബാങ്ക് പിഴ ഈടാക്കാൻ ഇടയുണ്ട്. ഇത് ഒഴിവാക്കാൻ വിഹിതമടക്കുന്നതിനു നിശ്ചയിച്ച തിയതിയിൽ അക്കൗണ്ടിൽ ആവശ്യത്തിനു പണം ഉണ്ടാകുമെന്നു ഉറപ്പാക്കുക.
- തെറ്റായ അടവുകളുടെ പേരിൽ MOIA യാതൊരു പിഴയും ഈടാക്കുകയില്ല.

വരിക്കാരനെന്ന നിലയിൽ 5 വർഷം അല്ലെങ്കിൽ നാട്ടിലേക്ക് തിരിച്ചു വരുന്ന സമയം ഇതിൽ ഏതാണോ ആദ്യം അതു വരെ ഗവണ്മെന്റിന്റെ സഹ വിഹിതത്തിനു നിങ്ങൾക്ക് അർഹതയുണ്ട്. ഇൻഡ്യയിലേക്ക് തിരിച്ചു വരുമ്പോൾ ആ വിവരം ബന്ധപ്പെട്ട ഫസിലിറ്റേറ്റർ മുഖേന MOIA യെ അറിയിക്കേണ്ടത് വളരെ പ്രധാനമാണെന്നു പ്രത്യേകം ഓർക്കുക.

**വരിക്കാർക്കുള്ള ചാർജ്ജുകൾ.**

- MGPSY അക്കൌണ്ടിൽ നിങ്ങളുടെ വിഹിതവും MOIA സഹ വിഹിതവും ചേർന്ന മൊത്തം ഫണ്ടിൽ നിന്നു വരിക്കാരുടെ ചാർജ്ജുകൾ നേരിട്ട് ഈടാക്കുന്നതാണു. MGPSY അക്കൗണ്ടിൽ പദ്ധതി പങ്കാളിത്ത ചാർജ്ജുകൾ താഴെ പറയും പ്രകാരമാണു.

**പെൻഷൻ അക്കൗണ്ട് NPS Lite**

| **അഗ്രഗേറ്റർ** | ഉപഭോക്തൃ സേവനം | ചാർജ് ഇല്ല |
|---|---|---|
| **CRA** | തുടങ്ങുന്നതിനുള്ള ചാർജ് | Rs. 35 (ഒറ്റത്തവണ) |
| | മെയിന്റെനൻസ് പ്രതിവർഷ ചെലവ്. | Rs. 70 വർഷം തോറും |
| **ട്രസ്റ്റീ ബാങ്ക്** | ഇടപാടു ചാർജുകൾ | Rs. 5 (വർഷം തോറും ആദ്യ 12 ഇടപാടുകൾ സൌജന്യം.) |
| **കസ്റ്റോഡിയൻ** | നോൺ RBI സ്ഥലങ്ങളിൽ നിന്നുള്ള ഇടപാടുകൾക്കുള്ള ചാർജ്. | Rs. 15 |
| | ആസ്തി സേവനചാർജുകൾ | വർഷം തോറും 0.0075% ഇലക്ട്രോണിക് വിഭാഗം 0.05% ഫിസിക്കൽ വിഭാഗം |

**R&R സമ്പാദ്യം UTI MIS പദ്ധതി**

| പ്രവേശനഭാരം (NAV യുടെ % ഇൽ) | ഇല്ല | |
|---|---|---|
| വാർഷിക ആവർത്തനചിലവുകൾ | ടമാത്തം ആവർത്തനചിലവുകൾ പ്രതി ദിനശരാശരി NAV %<br>മൊത്തം മാനേജ്മെന്റ് ചാർജ്ജുകൾ ചിലവുകൾ പ്രതി ദിനശരാശരി NAV% | 1.80%<br>0.9 % |

**ഇവ എം.ഒ.ഐ.എ യുടെ സഹ വിഹിതത്തിൽ നിന്നും എടുക്കുന്നതായിരിക്കില്ല**

**MGSPY കാർഡ് വീണ്ടും ലഭിക്കുന്നതിനുള്ള ചിലവ്** MGSPY കാർഡ് നഷ്ടപ്പെട്ടാൽ നാമമാത്രമായ ഒരു തുക രൂപ 20/ ഈടാക്കി അതു വീണ്ടും അനുവദിച്ചു തരുന്നതിനു അടുത്തുള്ള MGSPY ഫസിലിറ്റേറ്ററെ സമീപിക്കുക.

പരാതികൾ അറിയിക്കുന്നതിനായി **'griev.mgpsy@moia.nic.in'** എന്ന ഇ മെയിലിലേക്കോ പ്രവാസി കാര്യ മന്ത്രാലയത്തിലെ MGPSY പരാതി പരിഹാര സെൽ, പ്രവാസി കാര്യ മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇൻഡ്യാ, 9 ാം നില, അക്ബർ ഭവൻ, ചാണക്യപുരി, ന്യൂഡൽഹി-110021 എന്ന വിലാസത്തിൽ നേരിട്ട് എഴുതുക.

കൂടുതൽ അറിയുവാൻ വരിക്കാർക്കുള്ള MGSPY പ്രോസ്പെക്റ്റസ് അല്ലെങ്കിൽ FAQ വായിക്കുക. ടോൾ ഫ്രീ ഹെൽപ് ലൈനിലേക്ക് വിളിക്കൂ: **1800-113-090 (India), 80046342 (UAE)** എന്ന ടോൾ ഫ്രീ നംബറിൽ വിളിക്കുക അല്ലെങ്കിൽ **'inf.mgpsy@ moia.nic.in, help@iwrc-uae.com'** ഇൽ എഴുതുക വെബ് സൈറ്റ് http://www.moia.gov.in. സന്ദർശിക്കുക പ്രൊട്ടെക്റ്റർ ഒഫ് എമിഗ്രന്റ്സ് അല്ലെങ്കിൽ മിഷൻ ഓഫീസ്അല്ലെങ്കിൽ രജിസ്റ്റർ ചെയ്യുവാൻ സഹായിച്ച ഫസിലിറ്റേറ്ററെകാണുക.